(സി) 2001-2002 വർഷത്തിൽ 347 രോഗികൾക്കായി 1,87,36,614 രൂപയും 2002-2003-ൽ 206 രോഗികൾക്കായി 67,02,427 രൂപയും 2003-2004 വർഷത്തിൽ 1150 രോഗികൾക്കായി 2,03,58,570 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ, 300 രോഗികൾക്കായി അനുവദിച്ച 30,96,175 രൂപ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

(ഡി) ഫണ്ടിന്റെ അപര്യാപ്തത വലിയൊരളവിൽ പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. ഫണ്ട് വിഹിതം വർദ്ധിപ്പിക്കണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അപേക്ഷ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തിന് ഇക്കാര്യത്തിൽ അർഹമായ കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കെ.എച്ച്.ആർ.ഡബ്ലിയു.എസ്. എം.ഡി.യുടെ പി.എ. നിയമനം

120 [2552] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-5-1995-ൽ ഡി.ഡി. നമ്പർ 524422 പ്രകാരം 12 ലക്ഷം രൂപ 12-1-2000 വരെ (മധുരയിലുള്ള ഷിമാഡ്സി കമ്പനിയുടെ) കെ.എച്ച്.ആർ.ഡബ്ലിയു.എസി.ന്റെ അക്കൗണ്ടിൽ ചേർക്കാതെ കൈവശംവച്ച ടൈപ്പിസ്റ്റിനെ മേലധികാരിയുടെ പി.എ. അല്ലെങ്കിൽ സി.എ. ആയി നിയമിച്ചിരിക്കുന്നത് ശരിയാണോ;

(ബി) കെ.എച്ച്.ആർ.ഡബ്ലിയു.എസി.ന്റെ അക്കൗണ്ടിലുള്ള പണത്തിന്റെ ഈടിന്മേൽ രണ്ട് ബാങ്കുകളിൽനിന്നും എം.ഡി.യുടെ പി.എ. എന്ന പേരിലുള്ള അധികാരം ഉപയോഗിച്ച് സ്വന്തമായി ഇദ്ദേഹം ലോൺ എടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അക്കൗണ്ട്സ് ഓഫീസർ കൈകാര്യംചെയ്യുന്ന സാമ്പത്തികഇടപാടുകൾക്കായി ബാങ്കുകളുമായി ഈ ജീവനക്കാരൻ ദിനംപ്രതി ബന്ധപ്പെടുന്നത് ശരിയാണോ;

(ഡി) സെക്രട്ടേറിയറ്റ് പാറ്റേൺ ഇദ്ദേഹത്തിന് നടപ്പാക്കിയിട്ടുണ്ടോ;

(ഇ) ഏത് ഗവൺമെന്റ് ഉത്തരവുപ്രകാരമാണ് സെക്രട്ടേറിയറ്റ് പാറ്റേൺ നൽകിയത്;

(എഫ്) സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ശമ്പളം കൊടുത്തിട്ടുണ്ടോ; ഏത് അനുപാതത്തിലാണ് ഇത് നൽകിയിട്ടുള്ളത്;

(ജി) കെ.എച്ച്.ആർ.ഡബ്ലിയു.എസ്. എം.ഡി.യുടെ പി.എ. അല്ലെങ്കിൽ സി.എ.യുടെ വിദ്യാഭ്യാസയോഗ്യത എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(എച്ച്) ഈ ജീവനക്കാരന്റെ യഥാർത്ഥ തസ്തിക ഏതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) എം.ഡി.യുടെ സി.എ. തസ്തികയിൽ കെ.എച്ച്.ആർ.ഡബ്ലിയു.എസി.ൽ ഡെപ്യൂട്ടേഷനിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ജെ) എങ്കിൽ എന്തെല്ലാം യോഗ്യതകളായിരുന്നു വേണ്ടത്; എഞ്ചിനീയറിംഗ് ബിരുദം സി.എ.യ്ക്ക് ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1995 മുതൽ ഡി.ഡി. കൈവശം വച്ചിട്ടില്ല. 15-5-1999-ൽ സ്പൈറൽ സി.റ്റി. സ്കാനർ വാങ്ങാനായി വിളിച്ച ടെണ്ടറിൽ പ്രൈസ് ബിഡിൽ ആണ് ഇ.എം.ഡി. തുകയായ 12 ലക്ഷം രൂപയുടെ ഡി.ഡി. ഉണ്ടായിരുന്നത്. ടെക്നിക്കൽ ബിഡ് പരിശോധിച്ചതിനുശേഷമാണ് പ്രൈസ് ബിഡ് തുറക്കുന്നത്. 3-7-1999-ൽ പ്രൈസ് ബിഡ് തുറന്ന അന്നാണ് ഡി.ഡി. സൊസൈറ്റിയുടെ കൈവശം വന്നത്. ടെക്നിക്കൽ ബിഡ് തുറന്നതിനുശേഷം അനുമതികിട്ടാൻ താമസിച്ചതിനാലാണ് പ്രൈസ് ബ്ഡ് തുറക്കാൻ താമസം വന്നത്. ഇതിനാലാണ് പ്രസ്തുത ഡി.ഡി. ബാങ്കിൽ അടയ്ക്കുവാൻ താമസിച്ചത്.

(ബി) ഇല്ല.

(സി) കെ.എച്ച്.ആർ.ഡബ്ലിയു.എസ്.ലെ പേവാർഡുകളുടെ വരുമാനം സംസ്ഥാനത്തെ വിവിധ ബാങ്കുകളിലാണ് അടയ്ക്കുന്നത്. മാനേജിംഗ് ഡയറക്ടറുടെയോ അക്കൗണ്ട്സ് ആഫീസറുടെയോ നിർദ്ദേശമനുസരിച്ച് ബാങ്കുകളുമായി ബന്ധപ്പെട്ട് അതാതു ദിവസത്തെ കാഷ് ബാലൻസ് തിരക്കാറുണ്ട്.

(ഡി) നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ജി.ഒ. (ആർ.റ്റി.) 4431/76/എച്ച്.ഡി. തീയതി 29-12-1976 പ്രകാരം കെ.എച്ച്.ആർ.ഡബ്ലിയു.എസ്.ലെ അസിസ്റ്റന്റ്/പേവാർഡ് കീപ്പർ ഗ്രേഡ്-1/ടൈപ്പിസ്റ്റ് എന്നീ തസ്തികകൾക്ക് സെക്രട്ടേറിയറ്റ് നിരക്കിലാണ് ശമ്പളം നിർണ്ണയിച്ചിരിക്കുന്നത്.

(എഫ്) 23 വർഷം പൂർത്തിയാക്കിയ മുറയ്ക്ക് ഗ്രേഡ് പ്രൊമോഷനിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ശമ്പളം നൽകിയിട്ടുണ്ട്. ഇതിന് അനുപാതം ബാധകമല്ല.

(ജി) പി.എ./സി.എ. തസ്തിക നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ഇല്ല. അതിനാൽ യോഗ്യത നിശ്ചയിച്ചിട്ടില്ല.

(എച്ച്) ടൈപ്പിസ്റ്റ്.

(ഐ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സി.എ. ആയി ജോലി ചെയ്തിരുന്നവരെയാണ് ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുള്ളത്. നിലവിലുള്ള കെ.എച്ച്.ആർ.ഡബ്ലിയു.എസ്.ന്റെ സ്പെഷ്യൽ റൂൾസ് അനുസരിച്ച് പി.എ./ സി.എ.യുടെ തസ്തിക നിലവിലില്ല. അതുകൊണ്ട് പ്രസ്തുത തസ്തികയിലേക്കുള്ള യോഗ്യതയും നിശ്ചയിച്ചിട്ടില്ല.

പുറക്കാട്ടിരിയിൽ ഒരു ഹെൽത്ത് റിസോർട്ട്

121 [2553] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരിയിൽ കെ.എച്ച്.ആർ.ഡബ്ലിയു.എസ്. ഒരു ഹെൽത്ത് റിസോർട്ട് തുടങ്ങുന്നതിന് കെട്ടിടം പണിയുകയുണ്ടായോ;

(ബി) എങ്കിൽ പണി പൂർത്തിയായോ;

(സി) ഇതിന്റെ നടത്തിപ്പ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) (ഔഷധി)യെ ഏൽപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഈ കാര്യം പരിഗണിക്കാൻ ദയവുണ്ടാകുമോ?

ഉത്തരം

(എ) & (ബി) കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരിയിൽ കെ.എച്ച്.ആർ.ഡബ്ലിയു.എസ്. ഒരു ഹെൽത്ത് റിസോർട്ട് തുടങ്ങാനുള്ള പദ്ധതിയുണ്ട്. റിസോർട്ടിന്റെ പണി ഭാഗികമായി തീർന്നിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തികസഹായത്തോടുകൂടി കെ.എച്ച്.ആർ.ഡബ്ലയു.എസ്. പുറക്കാട്ടിരിയിലെ ഹെൽത്ത് റിസോർട്ട് നേരിട്ടു നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പകർച്ചവ്യാധികൾ

122 [2555] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധം പകർച്ചവ്യാധികൾ വ്യാപിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly